**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6452** — **20-03-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാടിന്റെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച ശുപാർശ ചുവടെ ചേർക്കുന്നു.<br><br>1. <u>റൂം ഫോർ റിവർ പദ്ധതി</u> :- ഇതിന്റെ തുടർനടപടികൾക്കായി ഐ.ഐ.റ്റി ചെന്നൈ കുട്ടനാടിന്റെ വെള്ളപ്പൊക്ക ലഘൂകരണത്തിനായി ഹൈഡ്രോഡൈനാമിക് പഠനം നടത്തുകയും അതിന്റെ അന്തിമ രൂപരേഖ 2023 മാർച്ച് 31 ന് കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.<br><br>2. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം കല്ലുകെട്ട് (DR Masonary & RR Masonary) ബണ്ടിന്റെ പാർശ്വങ്ങളിൽ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ നാളിതുവരെ നടപ്പാക്കിയിട്ടുള്ളതും ഇനി നടപ്പാക്കാനുള്ളതും പ്രവൃത്തി പുരോഗമിക്കുന്നതുമായ നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്നും ഓരോ ഇനത്തിലും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (ബി) | 2019-2020 സാമ്പത്തിക വർഷം മുതൽ പ്ലാൻസ്കീമിലും നബാർഡ്-ആർ.ഐ.ഡി.എഫ് സ്കീമിലുമുൾപ്പെടുത്തി കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും, തോടുകളിൽ നിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായും ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. അവയുടെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർക്കുന്നു.<br><br>**<u>2023-24-ൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി കുട്ടനാട്ടിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളെ കുറിച്ചുള്ള വിവരങ്ങൾ</u>**<br><br>1. പ്ലാൻ സ്കീം ( Head of Account – 4711-01-103-84 പദ്ധതി വിഹിതം - 37 കോടി)<br><br>2023-24 ബഡ്ജറ്റിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തലിനും അനുബന്ധ നിർമ്മിതികൾക്കും കൂടാതെ തോടുകളിൽ നിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുമായി |

37 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 25 പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതു വഴി 1031 ഹെക്ടർ ഏരിയ സംരക്ഷണവും, 32കി.മീ പുറംബണ്ട്, 11 മോട്ടോർതറ/ഷെഡ്, 5 സ്ലൂയിസ്, 5 ബോക്സ്/പൈപ്പ് കൾവർട്ടുകൾ എന്നിവയുടെ നിർമ്മാണവും സാധ്യമാകുന്നതാണ്.

2. നബാർഡ് - ആർ.ഐ.ഡി.എഫ് (Head of Account – 4711-01-103-83 പദ്ധതി വിഹിതം - 100 കോടി)

പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനായി 100 കോടി രൂപയാണ് ഈ പദ്ധതിയിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഈ തുകയ്ക്കുള്ള 11 പ്രവൃത്തികളുടെ ഡി.പി.ആർ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പ്രവൃത്തികൾ മൂലം 1600 ഹെക്ടർ പാടശേഖരങ്ങളുടെ സംരക്ഷണം സാധ്യമാകുന്നതാണ്. കൂടാതെ 55കി.മീ ബണ്ട്, 10 മോട്ടോർഷെഡ്, 10 മോട്ടർതറ, 8 പൊതുമട എന്നിവ നവീകരിക്കപ്പെടും.

ഹൈഡ്രോഡൈനാമിക് പഠനം ആസ്പദമാക്കിയിട്ടുള്ള നിർദ്ദേശങ്ങൾ പ്രവൃത്തി പഥത്തിൽ കൊണ്ടു വരുന്നതിന് ആ നിർമ്മിതികളുടെ രൂപകൽപന ചെയ്തു ശേഷം ഫണ്ട് വകയിരുത്തി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

വേമ്പനാട് കായലിന്റെ ഭാഗമായ പഴുക്കാനിലക്കായലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനും അതിലെ ചെളി ഉപയോഗിച്ച് സമീപത്തുള്ള 3 പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിനും പശ്ചാത്തല സൗകര്യവികസനത്തിനുമായി ₹108 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കിഫ്ബിയുടെ സാമ്പത്തിക അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

കുട്ടനാട് താലൂക്കിലെ തകഴി, എടത്വ, തലവടി, മുട്ടാർ, ചമ്പക്കുളം, പുളിങ്കുന്ന്, വേലിയനാട്, കൈനകരി, നെടുമുടി, കാവാലം, നിലംപേരൂർ, രാമങ്കരി എന്നീ 12 പഞ്ചായത്തുകളിൽ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ജിയോ ടെക്സ്റ്റൈലും സമീപ പ്രദേശങ്ങളിലെ തോടുകളിലെ ചെളിയും ഉപയോഗിച്ച് വ്യാപിച്ച് കിടക്കുന്ന പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിന് ₹292.75 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ്

| | | | |
|---|---|---|---|
| | | | നമ്പർ 279/2020/ജവിവ തീയതി 04.05.2020 പ്രകാരം ഒന്നാം ഘട്ടമായി ₹160 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിനായി വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | വർഷം | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം (കോടി) | പ്രവൃത്തി കളുടെ എണ്ണം | പൂർത്തീ കരിച്ച പ്രവൃ ത്തികൾ | പുറംബണ്ട് സംരക്ഷണം (കി.മീ) | ഏരിയ സംരക്ഷണം (ഹെക്ടർ) | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | 2019-20 | പ്ലാൻ | 32.00 | 19 | 13 | 46.45 | 1020 | |
| 2 | 2020-21 | പ്ലാൻ | 17.40 | 42 | 40 | 26.63 | 600 | |
| | | നബാർഡ് | 29.10 | 7 | - | 30.00 | 650 | |
| 3 | 2021-22 | പ്ലാൻ | 30.00 | 53 | 24 | 48.00 | 1040 | |
| 4 | 2022-23 | പ്ലാൻ | 33.00 | 38 | - | | | ഭരണാനുമതി നൽകിയത് - 38 ടെൻഡർ ചെയ്തത് - 34 എഗ്രിമെന്റ് വച്ചത് - 30 |
| | | നബാർഡ് | 54.00 | 4 | | | | 8 പ്രവൃത്തികളിൽ 32.26 കോടി തുകയ്ക്കുള്ള 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 5 | ബഡ്ജറ്റ് പ്രസംഗം 2022-23 | പ്ലാൻ | 20 | 16 | | | | 16 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**